## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4974** | **23.03.2018 ൽ മറുപടിയ്ക്ക്**

## വനാവകാശ നിയമം 2006

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ വകുപ്പ്, വനം വകുപ്പ് സംയുക്തമായിട്ടാണ്. പട്ടികവർഗ്ഗ വികസന വകുപ്പാണ് ഇതിന്റെ നോഡൽ ഏജൻസി. ഈ നിയമം നടപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു-കൊടുക്കുക എന്നതാണ് വനം വകുപ്പിന്റെ ചുമതല. വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ നടപടികൾ തുടങ്ങേണ്ടുന്നത് ഊര് അടിസ്ഥാനമാക്കിയുള്ള ഊരുകൂട്ടങ്ങളാണ് (ഗ്രാമസഭ). ഗ്രാമസഭ യോഗം കൂടി 10 നും 15 നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (F.R.C) തെരഞ്ഞെടുക്കുന്നു. ഇത്തരത്തിൽ സംസ്ഥാനത്താകെ 596 സമിതികൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. സമിതികൾ അംഗീകരിക്കുന്ന അപേക്ഷകളിന്മേൽ തുടർനടപടികൾ കൈക്കൊള്ളുന്നതിനായി റവന്യൂ ഡിവിഷൻ തലത്തിൽ ആർ.ഡി.ഒ ചെയർമാനായി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റികൾ (എസ്.ഡി.എൽ.സി) രൂപീകരിച്ചു. എസ്.ഡി.എൽ.സി അംഗീകരിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ഡിവിഷണൽ ലെവൽ കമ്മിറ്റികൾ (ഡി.എൽ.സി) രൂപീകരിച്ചു. വ്യക്തിഗതം, സാമൂഹികം, വികസനം എന്നീ മൂന്ന് തരത്തിലുള്ള അവകാശങ്ങളാണ് വനാവകാശ നിയമപ്രകാരം നല്കിവരുന്നത്. 31.01.2018 വരെ വ്യക്തിഗത അവകാശങ്ങൾക്കായി വനാവകാശ നിർണ്ണയ കമ്മിറ്റി ശുപാർശ ചെയ്ത 35387 അപേക്ഷകളിൽ 26906 എണ്ണം പാസ്സാക്കുകയും 3987 എണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 25109 |

ടൈറ്റിലുകൾ നല്കി. സാമൂഹികാവകാശങ്ങൾക്കായി ലഭിച്ച 976 അപേക്ഷകളിൽ 339 എണ്ണം പാസ്സാക്കി 164 എണ്ണത്തിന് ടൈറ്റിലുകൾ നല്കി. വികസനാവശ്യങ്ങൾക്കായി വനംവകുപ്പിന് ലഭിച്ച 756 അപേക്ഷകളിൽ 609 എണ്ണം പാസ്സാക്കി 458 എണ്ണത്തിലും വനാവകാശം നല്കിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ തീർപ്പാക്കിയിട്ടില്ലാത്ത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വനവാസികളുടെ ക്ഷേമത്തിനും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വനവാസികളായുള്ളവരുടെ ക്ഷേമം ലക്ഷ്യമിട്ട് കേരളത്തിൽ പങ്കാളിത്ത വനപരിപാലനം നടപ്പാക്കിവരുന്നു. ഇത്തരത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെ പരിസ്ഥിതി-ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ ഊന്നിയുള്ള വിവിധ പദ്ധതികൾ, ഇക്കോട്ടൂറിസം, വനശ്രീ തുടങ്ങിയവയിൽ പങ്കാളികളാകുക വഴി അവർക്ക് തൊഴിലും ജീവിതോപാധി വർദ്ധനവും ഉണ്ടാകുന്നു. കൂടാതെ ശാസ്ത്രീയ വന വിഭവ ശേഖരണം, ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ, തൊഴിൽ നൈപുണ്യം തുടങ്ങിയപരിശീലനങ്ങളും വനവാസികൾക്കായി വനം വകുപ്പ് ചെയ്തുവരുന്നു. ഈ പ്രവർത്തികൾ വനവിഭവ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും വനവാസികളുടെ ക്ഷേമത്തിനും ഒരുപോലെ ഉതകുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) വനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള വ്യക്തിഗതാവകാശങ്ങളോ സാമൂഹികാവകാശങ്ങളോ വനവാസികൾക്ക് നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അനുവദിച്ച നൽകിയ ടൈറ്റിലുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ച വരുന്നുണ്ട് എന്നറിയിക്കാമോ?

(സി) വനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള അവകാശങ്ങൾ വനവാസികൾക്ക് നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടില്ല. വനാവകാശങ്ങൾക്കായി വനം വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ